DIRECTORATE OF EMPLOYMENT
31 MAR 2016

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ്—അർബുദബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവു കൾക്കായി രൂപീകരിച്ച "ബാലസാന്ത്വനം-2014"—പദ്ധതി സംബന്ധിച്ച്— ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു**

## ധനകാര്യ (ഫണ്ട്സ്) വകുപ്പ്

**ജി.ഒ.(പി) നമ്പർ 18/2016/ധന.** *തിരുവനന്തപുരം, 2016 ഫെബ്രുവരി 1.*

പരാമർശം:—1. ജി.ഒ.(പി)നമ്പർ 575/2014/ധന, 23-12-2014.
2. ജി.ഒ.(പി)നമ്പർ 113/2015/ധന, 16-3-2015.
3. 6-1-2016-ലെ ആർ.സി.സി/ഫിൻ/2015-16/525-നമ്പർ ആർ.സി.സി. ഡയറക്ടറുടെ കത്ത്

### ഉത്തരവ്

അർബുദ ബാധിതരായി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിൽസ സൗജന്യമാക്കുന്നതിന് സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒരു നിശ്ചിത തുക ഉപയോഗിച്ച് ബാലസാന്ത്വനം 2014 എന്ന പദ്ധതിക്ക് രൂപം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. അർബുദ ബാധിതരായ കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി നിരവധി പദ്ധതികൾ നിലവിലുണ്ടെന്നും, എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സജീവമായ ചികിൽസയിൽ കഴിയുന്നതുമായ, രോഗികളായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഈ കാലയളവിൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്നും 'ബാലസാന്ത്വനം' പദ്ധതിയിലൂടെ സ്വരൂപിക്കുന്ന തുക, അർഹതപ്പെട്ട കുടുംബങ്ങൾക്ക് പ്രയോജനകരമാം വിധം ഉപയോഗിക്കണമെന്നുമുള്ള ഒരു നിർദ്ദേശം ആർ.സി.സി. ഡയറക്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗവൺമെന്റ് ഇക്കാര്യം വിശദമായി

GCPT. 4/484/2016/S-26.

പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ, മേൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ "ബാലസാന്ത്വനം-2014" പദ്ധതിയുടെ മാനദണ്ഡങ്ങൾ ഖണ്ഡിക 5-നും, പരാമർശം (2)-ലെ ഉത്തരവിലെ ഖണ്ഡിക 4-നും താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ കുടുംബം, ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നതാണെങ്കിൽ പ്രസ്തുത കുടുംബത്തിന് നിലവിലെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വർഷത്തിൽ 5,000 രൂപ നിരക്കിൽ സഹായധനം നൽകാവുന്നതാണ്.

3. പരാമർശം-(2) പ്രകാരം അർഹതപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ആർ.സി.സി. ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയയ്ക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നിക്ഷേപിക്കുന്നതാണ്.

4. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ സഹായധനം ലഭിക്കാൻ അർഹതയുള്ള മാതാപിതാക്കൾ/രക്ഷിതാക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരുകൾ കൂടി ആർ.സി.സി. ഡയറക്ടറുടെ ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

*പകർപ്പ്:—*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാസ്വയംഭരണ സ്ഥാപനങ്ങളുടേയും അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർമാർ, സർവ്വകലാശാലകൾ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്തോടുകൂടി).

കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർമാർക്കും.

സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).

നോഡൽ ഓഫീസർ, www.finance.Kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

KSHB ശാന്തിനഗർ
TVPM (1)

പുറത്തെഴുത്ത് നമ്പർ ബി,/9965/16 തീയതി:23/04/16

പകർപ്പ് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു
എല്ലാ സ്ഥാപനമേധാവികൾക്കും ഡയറക്ടർക്കുവേണ്ടി
(വെബ്സൈറ്റ് മുഖേന)